പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41 | 29.11.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരമേഖലയിൽ ഉണർവ്വുണ്ടാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | പ്രളയാനന്തര കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ ഉണർവ്വുണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | പ്രളയാനന്തര കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ ഉണർവ്വുണ്ടാക്കുന്നതിനായി "Post Flood Campaign" എന്ന വിപണന തന്ത്രം ആവിഷ്കരിക്കുകയുണ്ടായി. മുഖ്യമായും ദേശീയതലത്തിലുള്ള വിപണന തന്ത്രമാണ് നടത്തിയത്.<br>1) ക്യാമ്പയിനുകൾ<br>a) ടെലിവിഷൻ ക്യാമ്പയിൻ<br>b) പ്രിന്റ് ക്യാമ്പയിൻ<br>c) റേഡിയോ ക്യാമ്പയിൻ<br>d) സിനിമാ ക്യാമ്പയിൻ<br>e) എയർപോർട്ട് ക്യാമ്പയിൻ<br>f) സോഷ്യൽ മീഡിയ ക്യാമ്പയിൻ<br>2) ടൂറിസം പാർട്ണർഷിപ്പ് മീറ്റ്<br>a) മുംബൈ<br>b) പൂനെ<br>c) നാഗ്പൂർ<br>3) ട്രേഡ് ഫെയറുകൾ<br>a) റ്റിറ്റിഎഫ് അഹമ്മദാബാദ്<br>b) റ്റിറ്റിഎഫ് മുംബൈ<br>c) ഐറ്റിഎം ഡൽഹി<br>d) എറ്റിഒ വിശാഖപട്ടണം<br>പുനരുജ്ജീവനത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിക്ക് ശേഷം കേരളം |

| | | | |
|---|---|---|---|
| | | | ടൂറിസം രംഗത്ത് ശക്തമായ തിരിച്ച് വരവ് നടത്തി എന്ന പ്രചരണം നടത്തി. |
| ബി) | വിനോദസഞ്ചാര മേഖലകളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളടക്കമുള്ള സ്ഥാപനങ്ങൾക്ക് പ്രളയം മൂലം ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിന് ഉതകുന്ന തരത്തിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) | സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ, ഊർജ്ജിതമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് കൂടുതൽ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതു വഴി ടൂറിസം സംരംഭകർക്ക് വ്യാപാരമെച്ചം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) | ടൂറിസം വകുപ്പിന് കീഴിലുള്ള കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ മുഖാന്തിരം വിവിധ ടൂറിസം കോഴ്സുകളും പരിശീലനവും കഴിയുന്നവർക്ക് ഗവണ്മെന്റ് തലത്തിലും സ്വകാര്യ ടൂറിസം സംരംഭങ്ങളിലും തൊഴിലവസരം ലഭിക്കുന്നുണ്ട്. കൂടാതെ ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്ത ടൂറിസം വഴി ട്രാൻസ്ജെന്റേഴ്സ് ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകി ടൂറിസം മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുവരുന്നു. ആർ.ടി മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 27470 ആളുകളും പരോക്ഷമായി 43952 ആളുകളും ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്.<br>കിറ്റ്സ് (KITTS) വഴി ട്രെയിനിങ് ലഭിച്ച നാല്പതോളം പേരെ കേരളത്തിനകത്തും പുറത്തുമുള്ള ടൂറിസം ഇൻഫർമേഷൻ കൗണ്ടറുകളിൽ ട്രെയിനീസ് ആയി നിയമിച്ചിട്ടുണ്ട്.<br>കിറ്റ്സ് വഴി സംസ്ഥാനാടിസ്ഥാനത്തിലും ജില്ല തിരിച്ചും ഇരുനൂറോളം ഗൈഡുകൾക്കു പരിശീലനം നൽകി തൊഴിൽ അവസരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്- മുടങ്ങിക്കിടന്നിരുന്ന കാനിംഗ് & ഫുഡ് പ്രിസർവേഷൻ കോഴ്സ് പുനരാരംഭിക്കുകയും 2018-19-ൽ 30 വിദ്യാർത്ഥികൾ പ്രവേശനം നേടുകയും ചെയ്തു. പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഫുഡ് ക്രാഫ്റ്റ് |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം ഒരു വർഷക്കാലം കൊണ്ട് പേപ്പർബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം എന്നിങ്ങനെ ഉള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ ഇനങ്ങളിലായി 2339 ആളുകൾക്ക് പരിശീലനം നൽകി. ഇതിനു പുറമെ തദ്ദേശവാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിലേക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്തു യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യ വർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർടിഷോഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 11523 യൂണിറ്റുകൾ രൂപീകരിച്ചു. കൂടാതെ കോഴിക്കോട് ജില്ലയിലെ നടുത്തുരുത്ത് എന്ന ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിൽ വിവിധ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അതിലൂടെ അംഗങ്ങൾക്ക് തൊഴിൽ സാധ്യതയും ജീവിതനിലവാരവും മെച്ചപ്പെടുത്താനാകുന്നതാണ് |

**സെക്ഷൻ ഓഫീസർ**